**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 113** **07-06-2021 - ൽ മറുപടിയ്ക്ക്**

**സൗജന്യ ഭക്ഷ്യകിറ്റ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri G R Anil**<br>**(ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് മഹാമാരിയെ തുടർന്നുള്ള ലോക്ഡൗൺ കാലത്തും, അതിനുശേഷവും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന 'സൗജന്യ ഭക്ഷ്യകിറ്റ്' വിതരണത്തിന് സംസ്ഥാന സർക്കാർ വഹിക്കുന്ന ചെലവിന്റെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നടത്തി വരുന്ന ഭക്ഷ്യ കിറ്റ് വിതരണത്തിനായി ഇതുവരെ 4648.29 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ച് നല്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭക്ഷ്യകിറ്റിനായി കേന്ദ്രസർക്കാർ സഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഭക്ഷ്യ കിറ്റ് വിതരണത്തിനായി കേന്ദ്ര സർക്കാർ സാമ്പത്തിക സഹായം നല്കിയിട്ടില്ല. എന്നാൽ PMGKAY പദ്ധതി പ്രകാരം വിതരണത്തിനായി ലഭ്യമാക്കിയ പയറുവർഗ്ഗങ്ങളിൽ മുൻഗണനാ വിഭാഗങ്ങൾക്ക് വിതരണം പൂർത്തിയായ ശേഷമുള്ള നീക്കിയിരിപ്പ് സ്റ്റോക്കായ 1106.664 മെട്രിക് ടൺ പയറുവർഗ്ഗങ്ങൾ സംസ്ഥാന തലത്തിൽ നല്കിയ സൗജന്യ ഭക്ഷ്യ കിറ്റിൽ ഉൾപ്പെടുത്തി തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടത്തിന് ശേഷം വിതരണം നടത്തുന്നതിന് കേന്ദ്രസർക്കാർ അനുമതി നല്കിയിരുന്നു. |
| (സി) | കോവിഡ് ലോക്ഡൗൺ കാലത്ത് രാജ്യത്ത് മറ്റ് എവിടെയെങ്കിലും ഇത്തരത്തിൽ സൗജന്യ ഭക്ഷ്യകിറ്റ് വിതരണപദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ